II ഇ.ബി. XV-കേരള നിയമസഭ/I-4

**പതിനഞ്ചാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 ജൂൺ 10, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

11 (*91) & 12 (*116) **ടൂറിസം മേഖലയുടെ പുനരുജ്ജീവനം**

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികൾക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകി പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നതായും ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും

ഹോംസ്റ്റേകൾക്കും വൈദ്യുതി ചാർജ്ജ്, കെട്ടിട നികുതി എന്നിവയിൽ ഇളവ് നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വരുമാനരഹിതരായ സർക്കാർ അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്ക് പതിനായിരം രൂപ നൽകിയതിനു പുറമെ കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയുടെ പുനരുദ്ധാരണ പാക്കേജിനായി 30 കോടി രൂപയും മാർക്കറ്റിംഗിനായി 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്നും വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ മുഖേന ഈ മേഖലയിൽ പുത്തനുണർവ് ഉണ്ടാകുന്നതാണെന്നും വ്യക്തമാക്കി. കോവിഡ് പ്രതിസന്ധി അവസാനിക്കുന്ന മുറയ്ക്ക് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടെന്നും ആഭ്യന്തര-തദ്ദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതിനായി മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതാണെന്നും സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും ടൂറിസം ഡെസ്റ്റിനേഷൻ കേന്ദ്രം ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ഹെറിറ്റേജ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സാർവത്രിക വാക്സിനേഷൻ നൽകുന്ന

കാര്യം പരിഗണിക്കുന്നതാണെന്നും പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ 100% വാക്സിനേറ്റഡ് ഏരിയയായി മാറ്റുന്നതിന് ശ്രമിക്കുന്നതാണെന്നും അറിയിച്ചു. ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതോടൊപ്പം ഫാം ടൂറിസവുമായി ബന്ധപ്പെടുത്തുന്ന കാര്യവും ആലോചിക്കുന്നതാണ്. മലപ്പുറം ജില്ല ഉൾപ്പെടെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനും പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും ഇക്കോടൂറിസം സ്പോട്ടുകളുടെ സാധ്യത പരിശോധിക്കുന്നതാണെന്നും വയനാട് ജില്ലയുടെയും ബേക്കൽ കോട്ടയുടെയും ടൂറിസം വികസനം സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*92) & 14 (*98) **<u>തുറമുഖങ്ങളുടെ വികസനം</u>**

തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നിവിടങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ,

ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ എന്നിവ അടക്കമുള്ള സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്നും കൊല്ലം തുറമുഖത്ത് 105 മീറ്റർ നീളത്തിൽ മൾട്ടി പർപ്പസ് ബർത്ത് നിർമ്മിച്ചിട്ടുണ്ടെന്നും കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കി റോഡ്/റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനുള്ള ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കുന്നതിന് കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അഴീക്കലിൽ അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കമ്പനി രൂപീകരിച്ച് സാങ്കേതിക സാധ്യതാപഠനം നടത്തിവരുന്നതായും പാറക്ഷാമവും ലോക്ക്ഡൗൺ നിയന്ത്രണങ്ങളും കാരണം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചെയ്ഞ്ച് സൗകര്യം നടപ്പാക്കിയതിലൂടെ സംസ്ഥാനത്തിന് 2 കോടിയിൽപ്പരം രൂപയുടെ വരുമാനം ലഭ്യമായിട്ടുണ്ടെന്നും തുറമുഖത്തിന്റെ നിർമ്മാണപുരോഗതി ഓരോ മാസവും വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. ചെറുകിട തുറമുഖങ്ങളെ ബന്ധപ്പെടുത്തി തീരദേശ കപ്പൽ ഗതാഗതം

പ്രോത്സാഹിപ്പിക്കുന്നതിന് ഇൻസെന്റീവ് സ്കീം അനുവദിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് പുതിയ വാർഫ് നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും തീരദേശ ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പദ്ധതിബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജീവനോപാധി നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.